LIBRARY ARCHIVES Kerala Legislative Assembly

2021-22 സാമ്പത്തിക വർഷം റിസർവോയർ ഫിഷറീസ് പദ്ധതിയുടെ ഭാഗമായി തെന്മല, ഇടുക്കി, ഭൂതത്താൻകെട്ട്, ചിമ്മിനി, ഷോളയാർ (ലോവർ), പെരിങ്ങൽ കുത്ത്, പീച്ചി, വാഴാനി തുടങ്ങിയ 8 റിസർവോയറുകളിലായി വംശനാശ ഭീഷണി നേരിടുന്നതുൾപ്പെടെ തദ്ദേശീയ വിഭാഗത്തിൽപ്പെട്ട endemic carp, endemic catfish, കയിൽ മത്സ്യം, വരാൽ തുടങ്ങിയവയുടെ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യങ്ങളുടെ വംശനാശം തടയുന്നതിനായി അശാസ്ത്രീയവും അനധികൃതവുമായ മത്സ്യബന്ധന രീതികൾ നിരോധിച്ചിട്ടുണ്ട്. ആയത് കണ്ടെത്തുന്നതിനും നടപ്പിലാക്കുന്നതിനുമായി പട്രോളിംഗ് ഊർജ്ജിത പ്പെടുത്തിയിട്ടുണ്ട്. ഇതിനുപുറമെ ഫിഷറീസ് വകുപ്പിന്റെ ഹാച്ചറികളിൽ വംശനാശ ഭീഷണി നേരിടുന്ന മഞ്ഞക്കൂരി, കയിൽ മത്സ്യം, ചെങ്കണിയാൻ, നാടൻമുഷി, ഇളി, തുടങ്ങിയ തദ്ദേശീയ മത്സ്യങ്ങളുടെ കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

266(5714) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

1958-ലെ കേരള മണി ലെൻഡേഴ്സ് നിയമത്തിലെ 18 (D) (7) വകുപ്പ് പ്രകാരം നിഷ്കർഷിച്ചിരിക്കുന്ന പലിശ നിരക്കിനേക്കാൾ അധികം പലിശ ഈടാക്കിയതായി ബോധ്യം വന്നാൽ ടി നിയമപ്രകാരം നിയമിതനായിട്ടുള്ള ഇൻസ്പെക്ടർക്കോ ലൈസൻസിംഗ് അതോറിറ്റിക്കോ മണി ലെൻഡർക്കെതിരെ പിഴ ചുമത്തുന്നതിനും അധികമായി ഈടാക്കിയ പലിശ കണ്ടുകെട്ടുന്നതിനും വ്യവസ്ഥയുണ്ട്. ടി നിയമത്തിലെ വകുപ്പ് 9 പ്രകാരം രജിസ്ട്രേഷൻ എടുത്തിട്ടുള്ള മണി ലെൻഡേഴ്സിന്റെ കണക്കുകളും വാർഷിക ആഡിറ്റ് റിപ്പോർട്ടും അനുബന്ധരേഖകളും പരിശോധിച്ച് അമിതമായ പലിശ ഈടാക്കുന്നുണ്ടോയെന്ന് ബന്ധപ്പെട്ട ഇൻസ്പെക്ടർ പരിശോധിച്ച് നടപടി സ്വീകരിക്കുന്നുണ്ട്. കൂടാതെ സംസ്ഥാനത്ത് അമിത പലിശ ഈടാക്കുന്ന സ്വകാര്യ പണമിടപാടുകാരെ നിയന്ത്രിക്കാൻ 'ഓപ്പറേഷൻ കുബേര'

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നിയമവിരുദ്ധമായി അമിത പലിശയ്ക്ക് പണമിടപാടുകൾ നടത്തുന്ന സ്ഥലങ്ങളിൽ റെയ്ഡുകൾ നടത്തി രേഖകൾ ബന്ധവസ്സിലെടുത്ത് കുറ്റക്കാർക്കെതിരെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ വകുപ്പുകൾ പ്രകാരവും The Kerala Money Lenders Act 1958, The Kerala Prohibition of Charging Exorbitant Interest Act 2012 എന്നീ നിയമങ്ങൾ പ്രകാരവും നിയമനടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ഉൾനാടൻ മത്സ്യകൃഷിക്കായി നല്ലയിനം മത്സ്യകുഞ്ഞുങ്ങളെ ലഭ്യമാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

സ്വകാര്യ പണമിടപാടുകാരെ സംബന്ധിച്ച പരാതികൾ പരിഹരിക്കാൻ കേരള മണി ലെൻഡേഴ്സ് ആക്ട് 1958 പ്രകാരം അമിത പലിശ ഈടാക്കുന്ന സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾക്കെതിരെ പിഴ ചുമത്തിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കാനുള്ള അധികാരം നിയമപ്രകാരം നിയമിതനായിട്ടുള്ള ഇൻസ്പെക്ടറിലും ലൈസൻസിംഗ് അധികാരിയിലും നിക്ഷിപ്തമാണ്. ടി ഉത്തരവ് പാലിക്കാത്ത സാഹചര്യത്തിൽ ലൈസൻസ് റദ്ദാക്കുക, സെക്യൂരിറ്റി ഇടുക കണ്ടുകെട്ടുക എന്നീ നടപടികൾ കൈക്കൊള്ളുവാനും അധികാരികൾക്ക് സാധിക്കും. എന്നാൽ കൂടുതൽ ഗുരുതരമായ കുറ്റങ്ങളായ പണയം തിരികെ കൊടുക്കാതിരിക്കുക, നിയമവിധേയമല്ലാത്ത പണയ മുതൽ വിറ്റഴിക്കുക എന്നീ കുറ്റകൃത്യങ്ങൾ ചെയ്യുന്നവർക്ക് ആറ് മാസം വരെ തടവ് ശിക്ഷ നൽകുന്നതിനും ടി നിയമം വ്യവസ്ഥ ചെയ്യുന്നു. സ്വകാര്യ പണമിടപാടുകാർക്കെതിരെ വരുന്ന പരാതികൾ ലഭിച്ചാൽ അതിന്മേൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ The Kerala Money Lenders Act 1958, The Kerala Prohibition of Charging Exorbitant Interest Act 2012 എന്നീ നിയമങ്ങൾ പ്രകാരം നിയമനടപടി സ്വീകരിച്ചുവരുന്നുണ്ട്.

(സി) ഉൾനാടൻ മത്സ്യക്കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് സർക്കാർ ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ?

കേരളത്തിൽ മണി ലെൻഡിംഗിൽ ഏർപ്പെടുന്ന വ്യക്തികൾക്കും പാർട്ണർഷിപ്പുകൾക്കും കേരള മണിലെൻഡേഴ്സ് ആക്ട് 1958 വകുപ്പ് 3 പ്രകാരം രജിസ്ട്രേഷൻ സംവിധാനം നിലവിലുണ്ട്. കേരള മണിലെൻഡേഴ്സ് ആക്ടിന് കീഴിൽ 2021 മാർച്ച് 31 വരെ സംസ്ഥാനത്ത് 11237 സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.